LIBRARY ARCHIVES Kerala Legislative Assembly

മത്സ്യനയം

13 (*341) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യനയം വൻകിട കുത്തക സ്വകാര്യ കമ്പനികൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് സഹായകരമാകുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ?

ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ൽ പ്രസിദ്ധീകരിച്ച സംസ്ഥാന മത്സ്യനയത്തിൽ ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച സംസ്ഥാനത്തിന്റെ സമീപനം വ്യക്തമായി പറയുന്നുണ്ട്. " വിദേശ ട്രോളറുകൾക്കോ തദ്ദേശീയ കോർപ്പറേറ്റുകളുടെ യാനങ്ങൾക്കോ ആഴക്കടൽ മത്സ്യബന്ധനം നടത്താനുള്ള അനുവാദം നൽകാതിരിക്കാനും ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ അവയെ പ്രവേശിപ്പിക്കാതിരിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്നും അതോടൊപ്പം പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ, സഹകരണ സംഘങ്ങൾ എന്നിവർക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നല്കുമെന്നുമാണ്" സംസ്ഥാന ഫിഷറീസ് നയം 2019-ലൂടെ വ്യക്തമാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത നയത്തിന്റെ ഭാഗമായിട്ടാണോ അമേരിക്കൻ കമ്പനിയായ ഇ.എം.സി.സി.-യുമായി ധാരണാപത്രം ഒപ്പിട്ടതെന്ന് വ്യക്തമാക്കാമോ?

അമേരിക്കൻ കമ്പനിയായ ഇ.എം.സി.സി.-യുമായി ഫിഷറീസ് വകുപ്പ് ഒരു ധാരണാപത്രവും ഒപ്പിട്ടിട്ടില്ല.

(സി) മത്സ്യനയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളും പുതിയ സംഭവവികാസങ്ങളും കണക്കിലെടുത്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനം വേഗത്തിലാക്കാൻ ലക്ഷ്യമിട്ട് 2019-ലെ സംസ്ഥാനത്തിന്റെ ഫിഷറീസ് പോളിസി (മത്സ്യ നയം) പരിഷ്കരിച്ച് പുതിയ കരട് നയം രൂപീകരിക്കുന്നതിനുംവേണ്ടി 10 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.